**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **14-10-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന്റെ വാർഷിക പീരിയോഡിക് ലേബർ ഫോഴ്‌സ് സർവേ പ്രകാരം കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചതായി കാണുന്നത് സർക്കാർ ഗൗരവമായി കണക്കിലെടുക്കുമോ; വിശദമാക്കുമോ; | (എ) | പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ മെത്തഡോളജി പ്രകാരം 15 മുതൽ 29 വയസ്സുവരെയുള്ളവരുടെ തൊഴിലില്ലായ്മ കണക്കാണ് എടുക്കുന്നത്.<br><br>കേരളത്തിലെ യുവാക്കൾ ഏതാണ്ട് 21-22 വയസ്സുവരെ എല്ലാവരും വിദ്യാഭ്യാസം ചെയ്യുന്നവരാണ്. എന്നാൽ രാജ്യത്തിന്റെ പല ഭാഗങ്ങളിലും പ്രാഥമിക വിദ്യാഭ്യാസം പോലും ചെയ്യാൻ സാഹചര്യമില്ലാതെ ഈ പ്രായത്തിൽ തൊഴിൽ ചെയ്യാൻ നിർബന്ധിതരാണ് യുവാക്കൾ. കേരളത്തേക്കാൾ തൊഴിലില്ലായ്മ നിരക്ക് കുറവുള്ള ജാർഖണ്ഡിലെ യുവാക്കൾ കേരളത്തിലാണ് തൊഴിൽ തേടിയെത്തുന്നത് എന്നത് ഇതിന് ഉദാഹരണമായി പരിശോധിക്കാവുന്നതാണ്.<br><br>ആയതിനാൽ ഈ പ്രായം അടിസ്ഥാനമായി രാജ്യത്ത് കണക്കാക്കുന്ന തൊഴിലില്ലായ്മ നിരക്ക് കേരളത്തെ സംബന്ധിച്ച് ശാസ്ത്രീയമായും പ്രായോഗികമായും പരിഗണിക്കാൻ കഴിയുന്നതല്ല.<br><br>എന്നിരുന്നാലും 2017-18 ൽ 11.4% ആയിരുന്ന കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 2023-24 ൽ 7.2% ആയി കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പി.എസ്.സി. മുഖേന കേരളത്തിൽ കഴിഞ്ഞ 5 വർഷം എത്ര യുവജനങ്ങൾ സർക്കാർ സർവീസിൽ പ്രവേശിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | കഴിഞ്ഞ 5 വർഷം (2019 മുതൽ 2023 വരെ) പി.എസ്.സി മുഖേന ആകെ 144563 (ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന്) ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ